**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലാബോറട്ടറികളുടെ സ്ഥല വിസ്തീർണ്ണം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ലിനിക്കൽ ലബോറട്ടറികളിലെ സ്ഥല വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി നിലവിലുള്ള സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രയാസങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (ബി) | ലബോറട്ടറികളുടെ മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റിയുടെ കരട് റിപ്പോർട്ട് 14/01/2022 ൽ ഫീഡ് ബാക്കിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ level- 1 ലബോറട്ടറികളുടെ സ്ഥലവിസ്തീർണ്ണം 500 Sq Feet എന്ന നിർദ്ദേശമായാണ് ഉണ്ടായിരുന്നത്. ഇത് സംബന്ധിച്ച ലബോറട്ടറി മേഖലയിലെ ചില സംഘടനകളും വ്യക്തികളും നിലവിലെ സ്ഥിതി തുടരണമെന്നും മറ്റു ചില സംഘടനകൾ 300 Sq Feet ആയി കുറയ്ക്കണമെന്നും നിവേദനം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത നിവേദനങ്ങൾ പരിഗണിച്ച മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി Level- 1 ലാബുകളുടെ മിനിമം ലാബ് വർക്കിംഗ് ഏരിയ വിസ്തീർണ്ണം 500 Sq Feet ൽ നിന്നും 300 Sq Feet ആയി കുറച്ച് പുനർനിശ്ചയിച്ചുകൊണ്ടുള്ള കരട് കൗൺസിലിൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ